നമ്പർ: ഇ3/2315/2014.

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം,
വികാസ്ഭവൻ, തിരുവനന്തപുരം.
തീയ്യതി: 27-03-2015

# പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം-വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിൻ നിന്നുള്ള 13/01/2015, 03/03/2015 എന്നീ തീയ്യതികളിലെ ഇതേ നമ്പർ പരിപത്രങ്ങൾ.

സൂചനയിലെ പരിപത്രപ്രകാരം വകുപ്പ് അദ്ധ്യക്ഷന്റെ മുൻകൂർ അനുവാദമില്ലാതെ നടത്തിയിട്ടുള്ള ജില്ലാതല വർക്കിംഗ് അറേഞ്ച്മെന്റുകൾ ഉടൻ പ്രാബല്യത്തിൽ അവസാനിപ്പിക്കുവാൻ കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനമായതിനാൽ സൂപ്പർവൈസർ/ക്ളാർക്ക്/ഹെഡ്സ് അക്കൗണ്ടന്റ് എന്നീ വിഭാഗങ്ങളിൽ ജീവനക്കാർ കുറവായ കീഴ് കാര്യാലയങ്ങളിൽ വകുപ്പ് അദ്ധ്യക്ഷന്റെ അനുവാദത്തോടെ 31-03-2015വരെ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ചിരുന്നു. ടി വർക്കിംഗ് അറേഞ്ച്മെന്റ് ഉൾപ്പെടെ മറ്റ് എല്ലാ തസ്തികകളിലെയും വർക്കിംഗ് അറേഞ്ച്മെന്റ് മുഖേനയുള്ള നിയമനങ്ങൾ 31-03-2015 അപരാഹ്ന പ്രാബല്യത്തിൽ റദ്ദ് ചെയ്ത് പ്രസ്തുത ജീവനക്കാരെ ടിയാളുകളുടെ സ്വന്തം ലാവണങ്ങളിലേയ്ക്ക് തിരികെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നടപടി റിപ്പോർട്ട് 10-04-2015നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഈ നിർദ്ദേശം നടപ്പിലാക്കാത്ത ജില്ലാതല ആഫീസർമാർ, കീഴ് കാര്യാലയ മേധാവികൾ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും.
എല്ലാ ജില്ലാ പ്രോഗ്രാം ആഫീസർമാർക്കും.
മറ്റ് കീഴ് കാര്യാലയ മേധാവികൾക്കും.